Santhigiri

ഗുരുവാണി

"ജീവിതംകൊണ്ട് സാക്ഷാത്കരിക്കേണ്ട കർമ്മം പാടിയും പറഞ്ഞും എഴുതിത്തുലച്ചും നഷ്ടപ്പെടുത്തിയാൽ കർമ്മഭൂമിക വരുമോ? നിയമംകൊണ്ട് അനുസരിക്കുന്ന അല്ലെങ്കിൽ അനുസരിപ്പിക്കുന്ന ബുദ്ധിക്കപ്പുറം ഇതിൽ വേറെ വല്ലതുമുണ്ടോ? ദൈവവചനങ്ങളെ ബുദ്ധിയിൽ പാടി വരുത്തുന്ന നന്മതിന്മകളുടെ കളിയരങ്ങുകളാണ് ലോകത്ത് കാണുന്നതെല്ലാം"

# ഉമ്മിണിതങ്കം

VOL 02 | ISSUE 53 | 2016 നവംബർ 6 | 1192 തുലാം 21

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

# ശാന്തിഗിരി സബ് സ്റ്റേഷന് തിരിതെളിയിച്ചു



*ഹെൽത്ത്കെയർ സോണിലെ പുതിയ 11 കെ.വി. സബ് സ്റ്റേഷൻ*

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ആശുപത്രിക്ക് സമീപം നിർമിച്ച പുതിയ 11 കെ.വി. സബ് സ്റ്റേഷന് അഭിവന്ദ്യ ശിഷ്യപൂജിത തിരി തെളിയിച്ചു. നവംബർ 3 ന് രാവിലെ 9.45 ന് നടന്ന ചടങ്ങിൽ ആത്മബന്ധുക്കൾക്കുപുറമെ സബ് സ്റ്റേഷൻ ജീവനക്കാരും സംബന്ധിച്ചു. ശാന്തിഗിരിയുടെ ആദ്യത്തെ 11 കെ.വി. സബ് സ്റ്റേഷൻ ആണ് വ്യാഴ്ച തിരി തെളിഞ്ഞത്. പുതിയ സബ് സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതോടെ വോൾട്ടേജ് വ്യതിയാനം,അടിക്കടിയുള്ള വൈദ്യുതി തകരാറുകൾ എന്നിവയ്ക്ക് പരിഹാരമാകും. ഹെൽത്ത്കെയർ സോണിലെ പതിനഞ്ചോളം സ്ഥാപനങ്ങൾക്ക് ഈ കേന്ദ്രീകൃത വൈദ്യുത സംവിധാനം വഴി വൈദ്യുതി ലഭ്യമാകുന്നതോടെ വൈദ്യുതി ചാർജിലും വലിയ ഇളവ് ലഭിക്കുന്നതാണ്.

സബ് സ്റ്റേഷൻ ഉദ്ഘാടനത്തിനായി എത്തിയ അഭിവന്ദ്യ ശിഷ്യപൂജിത ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാലയിലേക്കാണ് ആദ്യമെത്തിയത്. ഇവിടെ പുതിയ നിർമാണപ്രവർത്തനങ്ങളും മറ്റും നോക്കിക്കണ്ടതിനുശേഷം ശാന്തിഗിരി സബ്സ്റ്റേഷനിലേക്ക് തിരിച്ചു. സബ് സ്റ്റേഷൻ ഉദ്ഘാടനത്തിനുശേഷം മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റ് ഓഫീസ്, ശാന്തിഗിരി ഭഗിനി നികേതൻ, ശാന്തിഗിരി ഹെർബൽ സോപ്സ് എന്നിവിടങ്ങളിലും അഭിവന്ദ്യ ശിഷ്യപൂജിത സന്ദർശനം നടത്തി. എല്ലാ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ശിഷ്യപൂജിതയ്ക്ക് പ്രത്യേകം തട്ടം സമർപ്പിക്കുകയുണ്ടായി. പിന്നീട് പതിനൊന്നു മണിയോടെ ഞാണ്ടൂർക്കോണത്തിന് സമീപം പുളിയൻകോടുള്ള നാല് ആത്മബന്ധുക്കളുടെ ഭവനങ്ങളും സന്ദർശിച്ചു. പുളിയംകോട് അനിൽ വി. – നന്ദിനി ഡി. ദമ്പതിമാരുടെ പുതിയ വീടിന്റെ ഗൃഹപ്രവേശനകർമ്മവും ശിഷ്യപൂജിത നിർവഹിച്ചു. തുടർന്ന് ശശി വി. – രമണി ആർ, വിജയൻ വി. – പുഷ്പ ജെ. റ്റി., ശൈലജൻ ജി – താര എന്നിവരുടെ ഭവനങ്ങളിലും ശിഷ്യപൂജിത എത്തി. ശിഷ്യപൂജിത എത്തിയ നാലു ഭവനങ്ങളുടെയും പേരിലെ സമാനത (വരദാനം) പ്രത്യേകം ശ്രദ്ധേയമായി. ഉച്ചയ്ക്ക് ഒരു മണിയോടെ സന്ദർശന പരിപാടികൾ പൂർത്തിയാക്കി ആശ്രമത്തിലേക്ക് തിരിച്ച ശിഷ്യപൂജിത കമ്യൂണിറ്റി കിച്ചണിലും ഹ്രസ്വസന്ദർശനം നടത്തി ഒരു മണിയോടെ ആശ്രമത്തിൽ മടങ്ങിയെത്തി. സർവാദരണീയ സ്വാമിമാരും ജനനിമാരും ആത്മബന്ധുക്കളും യാത്രയിൽ ശിഷ്യപൂജിതയെ അനുഗമിച്ചിരുന്നു.

# സാംസ്കാരികദിനം സമുചിതമായി ആഘോഷിച്ചു



*സാംസ്കാരികദിനത്തിലെ പുഷ്പ സമർപ്പണം*

**സ്പിരിചൽ സോൺ:** നവംബർ അഞ്ചിന് ആശ്രമത്തിൽ സാംസ്കാരികദിനം ആഘോഷിച്ചു. ശാന്തിഗിരി ആർട്സ് ആന്റ് കൾചർ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക ഡിവിഷനുകളായ ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം, ശാന്തിഗിരി മാതൃമണ്ഡലം, ശാന്തിഗിരി ശാന്തിമഹിമ, ശാന്തിഗിരി ഗുരുമഹിമ, ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം, ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം, ശാന്തിഗിരി രക്ഷകർത്തൃസമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടികൾ നടന്നത്.

രാവിലെ അഞ്ചു മണിക്കുള്ള ആരാധനയ്ക്ക് ശേഷം സഹകരണമന്ദിരത്തിൽ സാംസ്കാരിക ദിനാഘോഷത്തിന്റെ വിളക്ക് തെളിയിച്ചു. ആറു മണിക്ക് ആശ്രമം ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി ധ്വജാരോഹണം നടത്തി. തുടർന്ന് ധ്വജസ്തംഭത്തിൽ പുഷ്പസമർപ്പണവും നടന്നു. സർവാദരണീയ സന്ന്യാസിസന്ന്യാസിനിമാരും ആത്മബന്ധുക്കളും പുഷ്പം സമർപ്പിച്ചു. ആരാധനയ്ക്ക് ശേഷം പ്രസാദവിതരണവും ഉണ്ടായിരുന്നു.

രാവിലെ 7.30 ന് അഭിവന്ദ്യ ശിഷ്യപൂജിത ആത്മബന്ധുക്കൾക്ക് ദർശനം നല്കി. വിവിധ സാംസ്കാരിക ഡിവിഷനുകൾ സംയുക്തമായി ഗുരുവിന് തട്ടം സമർപ്പിച്ചു. അഭിവന്ദ്യ ശിഷ്യപൂജിതയുടെ ജന്മനാളും സാംസ്കാരികദിനവും ഒത്തുവന്ന നവംബർ അഞ്ചിന് വിവിധ ജില്ലകളിൽ നിന്നുൾപ്പെടെ നിരവധി ആത്മബന്ധുക്കൾ ആശ്രമത്തിൽ എത്തിയിരുന്നു. 11.30 ന് സാംസ്കാരിക ഡിവിഷനുകളുടെ നേതൃത്വത്തിൽ പ്രാർത്ഥനാലയത്തിൽ പ്രത്യേക പ്രാർത്ഥനയും ഉച്ചയ്ക്ക് ആരാധനയും ഗുരുപൂജയും നടന്നു. 1983 നവംബർ അഞ്ചിന് വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം രൂപീകൃതമായതിന്റെ വാർഷികമാണ് എല്ലാ വർഷവും ആശ്രമത്തിൽ സാംസ്കാരികദിനമായി ആഘോഷിക്കുന്നത്. 2008 ൽ ആർട്സ് ആന്റ് കൾചർ ഡിപ്പാർട്ടുമെന്റ് രൂപീകൃതമായതിനുശേഷം എല്ലാ സാംസ്കാരിക ഡിവിഷനുകളുടെയും വാർഷികവും നവംബർ അഞ്ചിനാണ് ആഘോഷിക്കുന്നത്. എല്ലാ ആശ്രമം ബ്രാഞ്ചുകളിലും പ്രത്യേകം പ്രാർത്ഥനാസങ്കല്പങ്ങളോടെ സാംസ്കാരികദിനം ആഘോഷിക്കുകയുണ്ടായി.

## ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ച് പർണശാല ശിലാസ്ഥാപനം 13 ന്

**കോട്ടയം:** ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ചിലെ പർണശാലയുടെ ശിലാസ്ഥാപന കർമ്മം നവംബർ 13 ന് പൗർണമി ദിവസം രാവിലെ 11 മണിക്ക് നടക്കും. ആശ്രമം ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി തറക്കല്ലിടീൽ കർമ്മം നിർവഹിക്കുന്നതാണ്. ആദരണീയ സ്വാമിമാരും ആത്മബന്ധുക്കളും സംബന്ധിക്കും.

## ആശ്രമം കലണ്ടർ പുറത്തിറങ്ങി

**ഹെൽത്ത്കെയർ സോൺ:** 2017 ലെ ആശ്രമം കലണ്ടറും ഡയറിയും പുറത്തിറങ്ങി. ശനിയാഴ്ച രാവിലെ ഗുരുവിന് കലണ്ടറും ഡയറിയും സമർപ്പിച്ചു. ശാന്തിഗിരി പബ്ലിക്കേഷൻ കൗണ്ടറിൽ നിന്നും ഇവ രണ്ടും ലഭിക്കുന്നതാണ്.

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &
കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## ഗുരുവാണി

ബ്രഹ്മചര്യം സൂക്ഷിക്കാൻ നന്നേ ബുദ്ധിമുട്ടാണ്. ബ്രഹ്മചര്യമെന്ന് പറഞ്ഞാൽ വിവാഹം ചെയ്യാതിരിക്കുക എന്നുള്ള അർത്ഥമല്ല. എന്തൊക്കെയാണ് ബ്രഹ്മചര്യത്തിൽകൂടി വരുന്നത്? ഏതു തെറ്റു ചെയ്തുപോയാലും ഇയാൾക്ക് – എന്റെ കൈയിൽനിന്ന് ഇത് വന്നുപോയല്ലോ എന്നൊരു പശ്ചാത്താപബോധം വരും. ഉടനെ അതിന് പരിഹാരം കണ്ടെത്തി അത് ചെയ്തിരിക്കും. മറ്റാരെങ്കിലും ഇയാളെ ഉപദ്രവിക്കാൻ ചെന്നാൽ 'അയാൾക്കറിവില്ലാതെയാ എന്നോടിതെല്ലാം ചെയ്യുന്നത്' എന്ന് സ്വയം സമാധാനിക്കും. അതല്ല അപ്പോഴത്തേക്ക് ക്ഷോഭം വന്നാൽ തന്നെ അതെല്ലാം ക്ഷമിച്ച് സഹിച്ച് കൈകാര്യം ചെയ്യും. അപ്പോൾ സഹിഷ്ണുത എന്നൊന്ന് സ്വയം വന്നുചേരുകയും ചെയ്യും.

ഇതുകൂടാതെ അനവധി ആളുകളിൽനിന്നുള്ള ഈ വക പ്രവൃത്തിയുടെ ദോഷവശങ്ങൾ തീണ്ടി അതിൽ നിന്നും ദീർഘമായ ഒരു അനുഭവം അവൻ കൈക്കലാക്കും. ഈ അനുഭവം കൊണ്ട് ആയിരം പേരെ തിരുത്താനും അനവധി പേരെ അവന് അത് പരിചയപ്പെടുത്താനും കൂടി കഴിയും. ഇവനാണ് പിന്നെ സന്ന്യാസത്തിലേക്ക് വരുന്നത്. ഇവനും ഗൃഹസ്ഥാശ്രമിയും തമ്മിൽ എന്ത് അകലം വരും?

ഈ ഗൃഹസ്ഥാശ്രമികളെന്നു പറയുന്നവർക്ക് ജീവിതവുമായിട്ട് എത്രയോ അകലം കിടക്കുകയാണ്. ഒരു മനുഷ്യജീവിതം എന്താണെന്നുപോലും ചിന്തിച്ചറിയാൻ കഴിയാത്തവരാണ് ഗൃഹസ്ഥാശ്രമികളിൽ അധികംപേരും. മൃഗതുല്യമാണ് അവരുടെ ജീവിതം. നിങ്ങൾക്ക് കുറെ അറിവും വിദ്യാഭ്യാസവും സംസ്കാരവും പലതിലും പരിചയവും ഒക്കെ ഉണ്ടെന്നാണ് ഓരോരുത്തർക്കും തോന്നുന്നത്. പക്ഷെ ഇതൊക്കെ നിങ്ങളുടെ പ്രവൃത്തിയിലേക്ക് വരുമ്പോൾ എത്രമാത്രം ശരിയാകുമെന്ന് ചിന്തിച്ചിട്ടുണ്ടോ. വേണ്ട, ഒരു സ്നേഹിതന്റെ സ്ഥാനത്തേക്ക് വരുമ്പോഴോ?

പരസ്പരവിരോധിയും വിനയമില്ലാത്തവരും സ്വാർത്ഥതയ്ക്കുവേണ്ടി എന്തും ചെയ്യുന്നവരും ഒരാളെപ്പോലും വഴങ്ങി ജീവിക്കാൻ നിവൃത്തിയില്ലാത്ത തരത്തിൽ വികൃതിയുമാണ് നിങ്ങൾ. പിന്നെ നിങ്ങളുടെ അറിവിനോ സംസ്കാരത്തിനോ സത്യസന്ധതയ്ക്കോ അവിടെ എന്ത് സ്ഥാനമുണ്ട്? ഞാനെന്നുള്ള ഭാവത്തിൽ വെറും ഒരു മൃഗീയജീവിതം നയിക്കാൻ വെമ്പൽകൊള്ളുന്ന ഒരു ജീവിതത്തിന്റെ പ്രതീകമായിട്ട് നിങ്ങൾ പുറത്ത് പോയിരിക്കുകയാണ്. ഇത് പറയുമ്പോൾ നിങ്ങൾക്ക് ഇഷ്ടപ്പെടുമോ? വെറും വഞ്ചനാജനകമായ ജീവിതം നയിച്ച് സർവവികൃതിയും തുളുമ്പിക്കൊണ്ട് നിൽക്കുന്ന, ഇതൊക്കെ ശമയെന്ന് പറഞ്ഞു കെട്ടിപ്പടുക്കുന്ന, ഒരു വ്യക്തിയെ എങ്ങനെ നന്നാക്കും? ഇത് നിങ്ങൾക്ക് മനസ്സിലാക്കാനും ഉൾക്കൊള്ളാനുമുള്ള വാസനയില്ല.

ഉയർന്നുപറക്കുന്ന കഴുകനെപ്പോലെ നിങ്ങൾ ഈ അറിവിലേക്ക് വീണ്ടും തിരിച്ച് വരുകയാണ്. അപ്പോൾ കഴുകന്റെ സ്വഭാവം മാറി ഹംസത്തിന്റെ വ്യത്യാസം വരും നിങ്ങൾക്ക്. അതിന് സമാധാനബുദ്ധി വേണം. അത് ആർക്കുമില്ല.

## വചനദീപ്തി

"ലോകത്തിന്റെ നവവിമോചന കർമകാണ്ഡങ്ങളുടെ
ഇരിപ്പിടമായിത്തീരുന്നതിനുവേണ്ടി
നീയാകുന്ന ബ്രഹ്മനിയോഗം കനിവാർന്ന്
സദാ ഞങ്ങളോടൊപ്പം ഉണ്ടായിരിക്കേണമേ"

**അനശ്വരവാണി**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 നവംബർ 6 മുതൽ 12 വരെ*

| | |
|---|---|
| **ഞായർ** | **– ആനന്ദപുരം** |
| **തിങ്കൾ** | **– ജനസേവികപുരം** |
| **ചൊവ്വ** | **– രത്നഗിരി** |
| **ബുധൻ** | **– സ്നേഹപുരം** |
| **വ്യാഴം** | **– കാഞ്ഞാംപാറ** |
| **വെള്ളി** | **– പോത്തൻകോട്** |
| **ശനി** | **– പാലോട്ടുകോണം** |

## യാമപ്രാർത്ഥന

*2016 നവംബർ 10 വ്യാഴം*

**ആനന്ദപുരം, പോത്തൻകോട്, പാലോട്ടുകോണം**

# വർണ്ണിക്കാനാവാത്ത ഗുരുമഹിമ

എന്റെ ഒൻപതാമത്തെ വയസിലാണ് എനിക്കാദ്യമായി ഗുരുവിനെ കാണാൻ കഴിഞ്ഞത്. ശൂദ്ര സംസ്കാരത്തിന്റെ പ്രതീകമായ കുടുംബമായിരുന്നു എന്റേത്. അങ്ങനെയൊരു ചുറ്റുപാടിലാണ് ഞാൻ വളർന്നതെങ്കിലും കുട്ടിപ്രായത്തിൽ തന്നെ ഭക്തിപരമായ കാര്യത്തിൽ ഞാൻ തല്പരയായിരുന്നു. ഞാൻ ക്ഷേത്രങ്ങളെയും ആശ്രമങ്ങളെയും പള്ളികളെയും ഒരേ കാഴ്ചപ്പാടിൽത്തന്നെ വീക്ഷിച്ചിരുന്നു. ഈ എല്ലാ സ്ഥലങ്ങളിലും പോവുക പതിവുമായിരുന്നു. ഈ അവസരത്തിലാണ് ഗുരുവിനെ കാണാൻ ഇടയായത്. ഗുരു എന്റെ സങ്കല്പത്തിലെ സന്ന്യാസി അഥവാ സ്വാമി തന്നെയായിരുന്നു. കാരണം എന്റെ സങ്കല്പത്തിൽ ഒരു സന്ന്യാസി എന്നത്, ഇന്നു സാധാരണ കാണുന്ന വേഷഭൂഷാദികളോ യന്ത്രതന്ത്രാദികളോ ഒന്നുംതന്നെ ആയിരുന്നില്ല. അതുകൊണ്ട് അത്തരമൊരു ഭാവന ഞാൻ സന്ന്യാസിക്കു കൊടുത്തിരുന്നതുമില്ല.

ഗുരുവിനെ ആദ്യം കാണുമ്പോൾത്തന്നെ എന്റെ മനസ്സ് എന്തുകൊണ്ടാണെന്നറിയില്ല ഒരു ആർദ്രത പകർന്നു. ഒരു നിർവികാരചിന്ത എന്നു പറയുന്നതാവും കൂടുതൽ ശരി. ഈശ്വരന്റേതായ സങ്കല്പംതന്നെ കൊടുക്കാൻ കഴിഞ്ഞു. സർവ ചരാചരങ്ങളിലും, തൂവെള്ള വസ്ത്രം ധരിച്ച ഈ അഭൗമരൂപം സ്നേഹമയമായി തോന്നി. എന്റെ മനസിൽ നിന്നും ആ രൂപം ഒരിക്കലും മായാതെ നിന്നു. ഗുരുവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഗുരു പറഞ്ഞു, "നിങ്ങൾ ഉപാസിക്കുന്ന ആരാധനാമൂർത്തി (മുരുകൻ) ജാഗ്രത്തിലോ സ്വപ്നത്തിലോ വന്ന് ഇതിന്റെ സത്യം വെളിപ്പെടുത്തും. അങ്ങനെ എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടാകുമ്പോൾ ഇങ്ങു വന്നു പറയണം. അല്ലെങ്കിൽ പ്രയോജനമില്ല." മൂന്നാം ദിവസം ചുവപ്പും മഞ്ഞയും കൂടിച്ചേർന്ന ഒരു പ്രകാശത്തിൽ മുരുകൻ പ്രത്യക്ഷത്തിൽ വന്നു പറഞ്ഞു: "ഈ മാർഗം നല്ലതാണ്, അന്ത്യം വരെയും ഇതിൽ വിശ്വസിച്ചു പോകണം. എനിക്ക് കൂടുതലായി ഒന്നും തരാനില്ല. വേണ്ടതെല്ലാം അവിടെയുണ്ട്." അതിനെത്തുടർന്ന് വീട്ടിൽ എല്ലാവർക്കും ചെറിയ നിലയിൽ അനുഭവം ഉണ്ടായിത്തുടങ്ങി. എല്ലാവർക്കും ഇതിന്റെ സത്യമെന്താണെന്ന് അല്പമായെങ്കിലും മനസിലാക്കാൻ കഴിഞ്ഞു. സത്യമെന്ന നിലയിൽത്തന്നെ തുടർച്ചയായി അനുഭവങ്ങൾ ഉണ്ടായി.

അനന്തരം ഗുരുവിനെക്കണ്ട് ദർശനങ്ങൾ തിരുത്തി. പിന്നെപ്പിന്നെ എനിക്ക് കാഴ്ചയുണ്ടായിക്കഴിഞ്ഞാൽ മനസ്സിനും ശരീരത്തിനും താങ്ങാൻ കഴിയാതെയായി. അങ്ങനെ വന്നപ്പോൾ സ്ഥിരമായി ആശ്രമത്തിൽ ഗുരുസാമീപ്യത്തിൽ ജീവിക്കണമെന്ന ആഗ്രഹമുണ്ടായി.

അങ്ങനെ 1971 ലെ മേട മാസം പതിനാലാം തീയതി എന്റെ ആശ്രമജീവിതം ആരംഭിച്ചു. ആ അവസരങ്ങളിലൊക്കെ ആശ്രമത്തിൽ എന്നും പൂർത്തീകരണം, അവസ്ഥാമാറ്റം, ദൈവത്തിൽ നിന്നും അശരീരിയായി വാക്കു കിട്ടുക, അതനുസരിച്ച് കുറച്ചു ദിവസം പ്രാർത്ഥന നടത്തുക; ഇങ്ങനെയൊക്കെയായിരുന്നു. ഒരു ദിവസം രാവിലെ ബ്രഹ്മത്തിൽ നിന്നും അശരീരിയുണ്ടായി, എല്ലാവരും കുളിച്ച് ശുദ്ധമായി പ്രാർത്ഥിക്കണം എന്ന്. വൈകുന്നേരം അഞ്ചു മണിക്ക് ഞാൻ വരും എന്നും പറഞ്ഞു. എല്ലാവിധ കനിവുകളോടുകൂടിയും ബ്രഹ്മപ്രകാശം വന്നു നിന്നു പറഞ്ഞു, *യുഗാന്തരങ്ങളായി ഞാൻ ആഗ്രഹിച്ചിരുന്ന കാര്യം സഫലമായി* എന്ന്. ലോകാന്ത്യം വരെ ഈ ഗുരുപരമ്പര നിലനില്ക്കുമെന്നും അറിയിച്ചു. യുഗാന്തരങ്ങളായി ഓരോ കർമ്മം ചെയ്യിച്ചു പൂർത്തിയാക്കി, അതിന്റെ സത്ത മാത്രം എടുത്തു മാറ്റി നിറുത്തിയിരുന്ന ഒരു ജീവനാണെന്നും എന്തും ചോദിച്ചറിയാനുള്ള അധികാരം ഈ പരമ്പരയ്ക്കല്ലാതെ മറ്റൊരു പരമ്പരയ്ക്കും ഇതുവരെ കൊടുത്തിരുന്നില്ലെന്നും അറിയിച്ചു, അനുഗ്രഹിച്ചു.

എന്റെ അനുഭവത്തിലൂടെ ഗുരു അനുഭവിച്ചിട്ടുള്ള അനവധി കഷ്ടപ്പാടുകളെയും ത്യാഗത്തെയും കാണിച്ചു തന്നു. അതുപോലെ തന്നെ നിങ്ങളുടെയും പരമ്പരയുടെയും ജീവിതം കൊണ്ട് നിങ്ങൾ യാതൊരു കഷ്ടപ്പാടുകളും സഹിച്ചിട്ടില്ലെന്നും അതുകൊണ്ട് അനവധി കഷ്ടപ്പാടുകളും വേദനകളും നിങ്ങളും അനുഭവിച്ചെങ്കിൽ മാത്രമെ ഇതിനെ നിലനിർത്താൻ കഴിയുകയുള്ളൂ എന്നും പറഞ്ഞുതന്നു. കൂടാതെ യോഗി, കർമി, ജ്ഞാനി, ഭക്തൻ, പ്രവാചകന്മാർ തുടങ്ങിയ അനേകം മഹാത്മാക്കൾ വന്നുനിന്നിട്ട്, ഈ പരമ്പരയെ തെറ്റിക്കാതെ നിങ്ങൾ കൊണ്ടുപോകണമെന്ന് അറിയിച്ചു. മറ്റൊരു പരമ്പരയ്ക്കും കിട്ടാത്ത ഭാഗ്യമാണു നിങ്ങൾക്ക് കിട്ടിയിരിക്കുന്നതെന്നും മനസ്സ് എപ്പോഴും നന്മ നിറഞ്ഞതായിരിക്കണമെന്നും പറഞ്ഞു.

**'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'**
*അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്*

# മികവിന്റെ കേന്ദ്രമായി വളരുന്ന ശാന്തിഗിരി വിദ്യാഭവൻ

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി ആശ്രമത്തിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനമായ ശാന്തിഗിരി വിദ്യാഭവൻ വളർച്ചയുടെ പുതിയ പടവുകൾ താണ്ടുകയാണ്. ഏകദേശം മൂവായിരത്തോളം വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്ന ഈ കലാലയത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നതടക്കമുള്ള നവീകരണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. നിർമാണ–നവീകരണപ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിക്കുകയാണ്.

ഹയർ സെക്കൻഡറി, സീനിയർ സെക്കൻഡറി തലത്തിലായി സ്റ്റേറ്റ് സിലബസും സിബിഎസ്ഇ സിലബസും പിന്തുടരുന്ന ശാന്തിഗിരി വിദ്യാഭവനിൽ പഠനത്തോടൊപ്പം വിദ്യാർത്ഥികളുടെ സാമൂഹികവും സാംസ്കാരികവും ആത്മീയവുമായ വളർച്ച ലക്ഷ്യമാക്കുന്ന നിരവധി പാഠ്യേതര പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. സ്റ്റ്യൂഡെന്റ് പോലീസ്, നാഷണൽ സർവീസ് സ്കീം, മീഡിയ ക്ലബ്, ജനസ്തുതി സ്കൂൾ പത്രം, സ്കൂൾ റേഡിയോ, സ്മാർട്ട് ക്ലാസ് റൂം തുടങ്ങിയവയെല്ലാം ശാന്തിഗിരി വിദ്യാഭവന്റെ പ്രവർത്തന മികവ് വിളിച്ചോതുന്നവയാണ്. സ്കൂളിൽ ആരംഭിച്ച പുതിയ സംരംഭമായ ജനസ്തുതി സ്കൂൾ പത്രത്തിന്റെ പ്രകാശനം കേരളപ്പിറവി ദിനത്തിൽ നടക്കുകയുണ്ടായി.

ഇതോടൊപ്പം സ്കൂളിൽ പരീക്ഷണാർത്ഥം ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്) പ്രവർത്തിച്ചു തുടങ്ങിയിരിക്കുകയാണ്. കുട്ടികൾ സ്കൂൾ ബസിൽ കയറുന്നതും ഇറങ്ങുന്നതും രക്ഷാകർത്താക്കളുടെ മൊബൈലിൽ യഥാസമയം തന്നെ മെസേജായി ലഭ്യമാകും എന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. കൂടാതെ പോർട്ടബിൾ ത്രി ഡി സ്മാർട്ട് ക്ലാസ് റൂമുകൾ സ്കൂളിൽ സജ്ജീകരിക്കുന്നതിനും ഉദ്ദേശ്യമുണ്ട്.

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമൊപ്പം ശാന്തിഗിരി വിദ്യാഭവന്റെ ബഹുമുഖമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിച്ചുകൊണ്ട് നിലകൊള്ളുന്ന ആദരണീയ സന്ന്യാസിസന്ന്യാസിനിമാരുടെ സേവനങ്ങളും ഈ കലാലയത്തെ വ്യത്യസ്തമാക്കുന്നു.



*തെലങ്കാന ടൂറിസം വകുപ്പും ശാന്തിഗിരി ആശ്രമവും ചേർന്ന് ടൂറിസം രംഗത്ത് ധാരണാപത്രത്തിൽ ഒപ്പുവച്ചപ്പോൾ*

# ബാബുചന്ദ്രൻ നായർ ബി.എസ്.എഫ്. ഡി.ഐ.ജി

**തിരുവനന്തപുരം :** ബി.എസ്.എഫ്. ഡി.ഐ.ജി ആയി ബാബുചന്ദ്രൻ നായർ നിയമിതനായി. ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം തിരുവനന്തപുരം ഏരിയ ഡെപ്യൂട്ടി ജനറൽ കൺവീനർ സുരേഷ് തമ്പിയുടെ സഹോദരീ ഭർത്താവാണ്. 1986 ൽ അസിസ്റ്റന്റ് കമാൻഡന്റ് ആയി സേവനം തുടങ്ങിയ ബാബുചന്ദ്രൻ നായർക്ക് 2011 ൽ പ്രസിഡന്റിന്റെ വിശിഷ്ട സേവനത്തിനുള്ള മെഡൽ ലഭിച്ചു. പൂജപ്പുരയിലാണ് താമസം. ഭാര്യ: ജയലക്ഷ്മി റ്റി.എസ്.



*ബാബുചന്ദ്രൻ നായർ*

മക്കൾ: കൃഷ്ണനുണ്ണി നായർ, അരവിന്ദ് നായർ.

# പ്രസാദം തയ്യാറാക്കി

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ കമ്യൂണിറ്റി കിച്ചണിൽ വച്ച് സാംസ്കാരിക ദിനത്തിൽ വിതരണം ചെയ്യുന്നതിനുള്ള പ്രസാദം തയ്യാറാക്കി. ഗവേണിംഗ് കമ്മറ്റി ചുമതലക്കാരും യൂണിറ്റ് കോർഡിനേറ്റർമാരും പ്രസാദം തയ്യാറാക്കുന്നതിന് നേതൃത്വം നൽകി. ഗൃഹസ്ഥാശ്രമസംഘം യൂണിറ്റുകളിൽ നിന്നുള്ള പ്രവർത്തകരുടെ സജീവ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

# ദിവംഗതനായി

**കന്യാകുമാരി:** ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷനിൽ സേവനം ചെയ്യുന്ന ഡെപ്യൂട്ടി മാനേജർ രാജീവ് എസ്.ജി.യുടെ പിതാവ് മുതപ്പൻകോട് അരുമനനെടിയകാലാവിള വീട്ടിൽ എം. സുകുമാരപ്പണിക്കർ (66) ഒക്ടോബർ 27 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: ഗിരിജ. മറ്റു മക്കൾ: രശ്മി. ജി.എസ്, രാജേഷ്. ജി.എസ്.



*എം.സുകുമാരപ്പണിക്കർ*


ഗുരുചരണം ശരണം

**ബിൽഡിംഗ് വർക്കുകൾക്ക്**

**ഉത്തരവാദിത്തത്തോടുകൂടി സമയബന്ധിതമായി മിതമായ നിരക്കിൽ ബിൽഡിംഗ് വർക്കുകൾ ചെയ്തുകൊടുക്കുന്നു**
**സുരേഷ് ബാബു ബി., 'നന്ദനം'**
**അങ്കണംവിള ഫോൺ: 9847858886**


# കുക്കിംഗ് ഗ്യാസ്

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ഓഫീസിൽ നേരിട്ട് കുക്കിംഗ് ഗ്യാസ് ബുക്ക് ചെയ്യാവുന്നതാണെന്ന് ഗൃഹസ്ഥാശ്രമസംഘത്തിൽ നിന്നും അറിയിച്ചു. ഗ്യാസിന്റെ സ്ലിപ്പ് കൈപ്പറ്റി 4 ദിവസത്തിനുള്ളിൽ തന്നെ ഗ്യാസ് എടുക്കേണ്ടതാണ്. ഗ്യാസ് യഥാസമയം എടുക്കാത്തവർക്ക് പുതുതായി വന്ന ഗ്യാസിന്റെ വർദ്ധിച്ച വില കൂടി അടച്ചതിനു ശേഷം മാത്രമേ ഗ്യാസ് എടുക്കുവാൻ സാധിക്കുകയുള്ളൂ. ഗ്യാസ് വിതരണ സമയം രാവിലെ 10 മണി മുതൽ 1 മണിവരേയും ഉച്ചക്ക് 2 മണി മുതൽ 5 മണി വരെയും ആയിരിക്കും.



*കെ.കെ. കരുണാനന്ദിനെ ആദരിക്കുന്നു*

# ഷഷ്ഠ്യബ്ദപൂർത്തി

**സ്പിരിച്വൽ സോൺ:** ഷഷ്ടിപൂർത്തിയിൽ എത്തിയ കെ.കെ. കരുണാനന്ദിനെ ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു. ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, പ്രമോദ് എം.പി. രാജീവ് എസ്. ഷാജി ഇ.കെ., സന്തോഷ് കുമാർ കെ.കെ., രവീന്ദ്രൻ കെ., സദാനന്ദൻ പി., പ്രേംരാജ് എം.കെ., മോഹനൻ വി.പി. തുടങ്ങിയ ഗൃഹസ്ഥാശ്രമസംഘം ഗവേണിംഗ് കമ്മിറ്റി, ഏരിയ കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു.

# കുങ്ഫു ബെൽറ്റുകൾ സമ്മാനിച്ചു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാർഷൽ ആർട്സിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 30 ന് നടന്ന ഷാവോലിൻ കുങ്ഫു ടെസ്റ്റിൽ വിജയിച്ചവർക്ക് വിവിധ ബെൽറ്റുകൾ നല്കി. യെലോ, ഓറഞ്ച്, ഗ്രീൻ, ബ്രൗൺ ബെൽറ്റുകളാണ് നല്കിയത്.

അഞ്ച് വയസ് മുതൽ 40 വയസ് വരെയുള്ള വിദ്യാർത്ഥികൾ പ്രസ്തുത ടെസ്റ്റിൽ പങ്കെടുത്തു. ഗ്രാന്റ് മാസ്റ്റർ ദിലീപ് ജി. യുടെയും കേരളത്തിലെ വിവിധ ജില്ലകളിലെ കുങ്ഫു പരിശീലകരുടെയും നേതൃത്വത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 7 മണി വരെ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ടെസ്റ്റിൽ വിജയികളായവർക്ക് ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിയാണ് ബെൽറ്റ് സമ്മാനിച്ചത്.



*വിവിധ ബെൽറ്റുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾ ഗ്രാൻഡ്മാസ്റ്റർ ദിലീപ് ജി.ക്കും പരിശീലകർക്കും ഒപ്പം*

# നമുക്ക് ഇംഗ്ലീഷ് പഠിക്കാം


**ഇ.വി. ആൻഡ്രൂസ്** M.A.
ഇംഗ്ലീഷ് ട്രെയിനർ, സ്നേഹം, പോത്തൻകോട്


വാക്കുകൾ ചേർന്ന് വാചകങ്ങൾ ഉണ്ടാകുന്നു. ഉദാ: He is a good student. അവൻ നല്ലൊരു വിദ്യാർത്ഥിയാകുന്നു. ഈ വാചകത്തിന് പ്രധാനമായും രണ്ടു ഭാഗങ്ങളുണ്ട്. 1) He 2) is a good student. ആദ്യഭാഗം Subject, രണ്ടാം ഭാഗം Predicate. സാധാരണയായി subject ആയിരിക്കും ഒരു വാചകത്തിന്റെ ആദ്യഭാഗം. ശാസ്ത്രീയമായ രീതിയിൽ subject കണ്ടുപിടിക്കുന്നതെങ്ങനെ? അതിന് ആദ്യം ആ വാചകത്തിലെ ക്രിയ (verb) ഏതെന്ന് കണ്ടെത്തണം? പ്രവൃത്തിയെ അല്ലെങ്കിൽ അവസ്ഥയെ സൂചിപ്പിക്കുന്ന വാക്കോ വാക്കുകളുടെ ഗ്രൂപ്പോ ആയിരിക്കും verb. മേൽപ്പറഞ്ഞ വാചകത്തിൽ is ആണ് verb. ആകുന്നു എന്ന പദം അവസ്ഥ സൂചിപ്പിക്കുന്നു. ആര് ആകുന്നു, അല്ലെങ്കിൽ എന്ത് ആകുന്നു എന്ന് ക്രിയയോട് ചോദിക്കുമ്പോൾ അവൻ എന്ന് ഉത്തരം കിട്ടുന്നു. അതാണ് വാചകത്തിലെ subject. അത് സാധാരണയായി വാചകത്തിന്റെ തുടക്കത്തിൽ തന്നെ പ്രയോഗിക്കുന്നു. അത് കഴിഞ്ഞ ഉടനെ ക്രിയ പ്രയോഗിക്കണം. ഇതാണ് ഇംഗ്ലീഷിന്റെ പ്രയോഗരീതി. എന്നാൽ മലയാളത്തിൽ ക്രിയ അവസാനമാണ് പ്രയോഗിക്കുക. ആകുന്നു എന്ന ക്രിയ അവസാനം വന്നിരിക്കുന്നത് ശ്രദ്ധിക്കുക. ഇംഗ്ലീഷ് വാചകവും മലയാള വാചകവും തമ്മിലുള്ള ഈ വ്യത്യാസം തിരിച്ചറിഞ്ഞാൽ ഒട്ടേറെ തെറ്റുകൾ നമുക്ക് ഒഴിവാക്കാനാവും. എല്ലാ മനുഷ്യരും ചിന്തിക്കുന്നത് മാതൃഭാഷയിലാണ്. രണ്ടാം ഭാഷയായ ഇംഗ്ലീഷ് പഠിക്കുന്നത് ആശയവിനിമയത്തിനുവേണ്ടിയാണ്. ഇവിടെ ഒരു മൊഴിമാറ്റം സംഭവിക്കുന്നുവെന്നു മാത്രം. അപ്പോൾ വാചകഘടനയിലുണ്ടാകുന്ന മാറ്റം പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നു. ഒരു ഫോർമുലയിലൂടെ ഇത് എളുപ്പം മനസിലാക്കാം.

S + V + O = ഇത് ഇംഗ്ലീഷിന്റെ വാചകഘടന. We Love our Guru ( Love എന്ന ക്രിയ We കഴിഞ്ഞ ഉടനെ) നാം നമ്മുടെ ഗുരുവിനെ സ്നേഹിക്കുന്നു. (സ്നേഹിക്കുന്നു എന്ന ക്രിയ മലയാള വാചകത്തിന്റെ അവസാനം) ആരെ സ്നേഹിക്കുന്നു അല്ലെങ്കിൽ എന്തിനെ സ്നേഹിക്കുന്നു എന്നു ചോദിച്ചാൽ കിട്ടുന്ന ഉത്തരം എന്താണോ അതാണ് Object (കർമ്മം). ഒരു വാചകത്തിലെ ഏറ്റവും പ്രധാനപ്പെട്ട വാക്ക് ആ വാചകത്തിലെ ക്രിയയാണ്. ഇവിടെ Love തന്നെ.




*കേരളപ്പിറവിയോടനുബന്ധിച്ച് ശാന്തിഗിരിയിൽ നടന്ന ചടങ്ങ് കുവൈറ്റ് രാജകുടുംബാഗം ഡോ.അഡ്നാൻ അലിദാൻ ഉദ്ഘാടനം ചെയ്യുന്നു*

# ശാന്തിഗിരിയിൽ കേരളപ്പിറവി ആഘോഷിച്ചു

**സ്പിരിചൽ സോൺ:** കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് ശാന്തിഗിരി ആശ്രമത്തിൽ നടന്ന ആഘോഷ പരിപാടി കുവൈത്ത് രാജകുടുംബാംഗവും എൽ ജോൺ യുണൈറ്റഡ് കമ്പനി ചെയർമാനുമായ ഡോ. അഡ്നാൻ അലിദാൻ ഉദ്ഘാടനം ചെയ്തു. കുവൈത്ത് ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളുടെ വളർച്ചയ്ക്ക് മലയാളികൾ വഹിച്ച പങ്ക് നിർണ്ണായകമാണെന്ന് അദ്ദേഹം പറഞ്ഞു. സാങ്കേതിക വിദ്യാഭ്യാസ, നൈപുണ്യ രംഗത്ത് കേരളീയർ ലോകത്തിന് മാതൃകയാണ്. ഇന്ത്യയും മറ്റ് രാജ്യങ്ങളുമായുള്ള സാംസ്കാരിക വിനിമയത്തിൽ മലയാളികൾ മുഖ്യമായ സ്ഥാനം വഹിച്ചിട്ടുണ്ടെന്നും ഡോ. അഡ്നാൻ പറഞ്ഞു. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി അദ്ധ്യക്ഷത വഹിച്ചു. സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, അഡ്വ. ടി.കെ.രാജേഷ് കുമാർ, കൃഷ്ണനുണ്ണി പ്രസാദ്, ജിജോ മാത്യു, ബൈജു ഡി. തുടങ്ങിയവർ പങ്കെടുത്തു.




*നവതി ആഘോഷങ്ങളുടെ ഭാഗമായി ലണ്ടനിൽ സംഘടിപ്പിച്ച കലാഞ്ജലിയിൽ സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി*

## ദന്തൽ ക്യാംപ്

**എജ്യൂക്കേഷൻ സോൺ:** ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ദന്തൽ ക്യാമ്പിൽ 15 പേർക്ക് പല്ലുകൾ സൗജന്യമായി വച്ചുകൊടുക്കുകയും ആവശ്യമായ ചികിത്സകൾ നൽകുകയും ചെയ്തു. പിഎംഎസ് ദന്തൽ കോളേജിലെ ഡോക്ടർമാരാണ് ചികിത്സയ്ക്കായി എത്തിയത്.

# മാതൃഭൂമി മിഷന് ആശ്രമം 2 ലക്ഷം നല്കി

**സ്പിരിചൽ സോൺ:** ശാന്തിഗിരി ആശ്രമം മാതൃഭൂമി ദിനപത്രത്തിന്റെ 'മിഷൻ മെഡിക്കൽ കോളജി'ന് രണ്ടു ലക്ഷം രൂപ സംഭാവന നല്കി. ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മാതൃഭൂമി തിരുവനന്തപുരം ബ്യൂറോ ചീഫ് ജി. ശേഖരൻ നായർക്ക് ചെക്ക് കൈമാറി. പാവപ്പെട്ട രോഗികളുടെ ആശ്രയമായ കോഴിക്കോട് മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മുന്നിട്ടിറങ്ങിയ മാതൃഭൂമിയെ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുമോദിച്ചു. മാതൃഭൂമിയുടെ ഈ ദൗത്യം മറ്റുള്ളവർക്കും പ്രചോദനമാണെന്നും എല്ലാവരും ഈ സംരംഭത്തിൽ പങ്കുചേരണമെന്നും സ്വാമി പറഞ്ഞു.

സീനിയർ ന്യൂസ് എഡിറ്റർ വി. ഹരിലാൽ, യൂണിറ്റ് മാനേജർ ആർ. മുരളി, സബീർ തിരുമല തുടങ്ങിയവരും സംബന്ധിച്ചു.



*മധുപാൽ സംവിധാനം ചെയ്യുന്ന പുതിയ സിനിമ 'ഒരു രാത്രിയുടെ കൂലി'യുടെ പൂജാകർമ്മം ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി നിർവഹിക്കുന്നു. പതിനൊന്ന് പ്രമുഖ സംവിധായകരുടെ 15 മിനിറ്റ് ദൈർഘ്യമുള്ള ലഘുസിനിമകൾ ഉൾപ്പെടുന്ന പുതിയ ചലച്ചിത്രത്തിലെ ഒരു സിനിമയാണ് 'ഒരു രാത്രിയുടെ കൂലി'. കെഎസ്എഫ്ഡിസിയാണ് നിർമ്മാണം.*

# ശാന്തിമഹിമ സംസ്ഥാന പ്രതിനിധി സമ്മേളനം ഇന്ന്

**സ്പിരിചൽ സോൺ:** ശാന്തിഗിരി ശാന്തിമഹിമയുടെ സംസ്ഥാന പ്രതിനിധി സമ്മേളനം ഇന്ന് രാവിലെ 9.30 ന് സ്പിരിചൽ സോൺ കോൺഫ്രൻസ് ഹാളിൽ വച്ച് നടക്കും.

സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യും. സർവാദരണീയ സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും. ശാന്തിമഹിമയുടെ ഏരിയതല ചുമതലക്കാരും മറ്റ് പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്. വൈകുന്നേരം അഞ്ച് മണിക്ക് സമാപിക്കും.



*ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ പച്ചക്കറിത്തോട്ടം ഒരുക്കുന്നതിനായി പച്ചക്കറിത്തൈകൾ വാർഡ് മെമ്പർ ആർ. സഹീറത്ത് ബീവി സ്കൂൾ എൻ.എസ്.എസ്. ക്യാപ്റ്റന് കൈമാറുന്നു*

## ശാന്തിഗിരി ഗുരുമഹിമ മീറ്റിംഗ്

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി ഗുരുമഹിമയുടെ ആഭിമുഖ്യത്തിൽ ആശ്രമപരിസരത്തുള്ള പെൺകുട്ടികൾക്കും അമ്മമാർക്കുമായി ഒക്ടോബർ 30 ന് മീറ്റിംഗ് നടത്തി. സാംസ്കാരികദിനത്തോടനുബന്ധിച്ചുള്ള കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. സർവാദരണീയ ജനനി നവപ്രിയ ജ്ഞാനതപസ്വിനിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ആദരണീയ ജനനി രേണുരൂപ ജ്ഞാനതപസ്വിനിയും സംബന്ധിച്ചു.

## ലഹരിവിരുദ്ധ ക്ലാസ് നടത്തി

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂളിൽ 'സാന്ത്വനം' ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ക്ലാസ് നടത്തി. ഡോ. രമാദേവി ക്ലാസ് നയിച്ചു. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗത്തെക്കുറിച്ചും അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ലഹരിക്കടിപ്പെട്ട സ്കൂൾ വിദ്യാർത്ഥികളുടെ അനുഭവങ്ങളെക്കുറിച്ചും ഡോ രമാദേവി വിശദമായി സംസാരിച്ചു.

## പ്രവേശനം ആരംഭിച്ചു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ 2017 - 18 അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്രവേശനം ആരംഭിച്ചു.
ഫോൺ: 9447368771, 9562891808

## വിവാഹിതരായി



കോട്ടയം പുത്തനങ്ങാടി കുരിശുപള്ളി റോഡിൽ വണ്ടന്നൂർ ഭവനത്തിൽ വി.ജി. സാബുലാലിന്റെയും എൽ.കെ. ലതയുടെയും മകൻ വി.എസ്. ജബിൻലാലും കൊല്ലം കടപ്പാക്കട അക്ഷയ നഗർ 'ഗുരുശാന്തി'യിൽ വി.ആർ. മോഹൻലാലിന്റെയും ശാന്തി ലാലിന്റെയും മകൾ എം. സ്നേഹലതയും നവംബർ 2 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala